**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 347** **23-06-2026-ൽ മറുപടിയ്ക്ക്**

**റോഡ് ആക്സിഡന്റ് അനാലിസിസ് റിപ്പോർട്ട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. ജി. സ്റ്റീഫൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ച 'റോഡ് ആക്സിഡന്റ് അനാലിസിസ് റിപ്പോർട്ട്' ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഉണ്ട്.

**(ബി)** പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നത് വിശദമാക്കാമോ?

**മറുപടി:** പ്രസ്തുത പ്രസിദ്ധീകരണത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപകടസാധ്യതയേറിയ മേഖലകൾ, അപകടങ്ങളുടെ പ്രധാനകാരണങ്ങൾ, റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനു സഹായകമായ കണ്ടെത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി (KRSA), പൊതുമരാമത്ത് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് (MVD), ആരോഗ്യ വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI), സ്റ്റേറ്റ് ഹൈവേ അതോറിറ്റി തുടങ്ങി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ് എൻജിനീയറിംഗ് മെച്ചപ്പെടുത്തൽ, ബ്ലാക്ക് സ്പോട്ടുകളുടെ പരിഹാരം, ട്രാഫിക് എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളിൽ പ്രസ്തുത പ്രസിദ്ധീകരണത്തിലെ കണ്ടെത്തലുകൾ പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ, മേൽപ്പറഞ്ഞ ബന്ധപ്പെട്ട വകുപ്പുകളുമായി അവലോകന യോഗങ്ങൾ സംഘടിപ്പിച്ചും ആവശ്യമായ ഏകോപന നടപടികൾ സ്വീകരിച്ചും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**